**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **10-06-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട ഇ.എസ്.ഐ. ഡിസ്പെൻസറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട താലൂക്ക് കേന്ദ്രീകരിച്ച് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാനാകുമോയെന്ന് അറിയിക്കുമോ ? | (എ) | നിലവിൽ പരിഗണനയിലില്ല. ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം 2000 ഐ.പി.കൾ രജിസ്റ്റർ ചെയ്ത പ്രദേശങ്ങളിലാണ് പുതിയ ഡിസ്പെൻസറി ആരംഭിക്കുന്നത്. കൂടാതെ ഇ.എസ്.ഐ.സി. 2.0 പദ്ധതിപ്രകാരം ഒരു ഇ.എസ്.ഐ ഡിസ്പെൻസറിയുടെ 20 കിലോമീറ്റർ ചുറ്റളവുവരെ പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. കാട്ടാക്കടയിൽ രജിസ്റ്റർ ചെയ്ത ഐ.പി കളുടെ എണ്ണം 1424 ആണ്. കൂടാതെ കാട്ടാക്കടയുടെ 20 കിലോമീറ്റർ ചുറ്റളവിൽ ബാലരാമപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, പേരൂർക്കട എന്നീ 4 ഇ.എസ്.ഐ ഡിസ്പെൻസറികളും പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ